വെള്ളപ്പൊക്ക കെടുതികൾ-തിരുവനന്തപുരം കോർപ്പറേഷനിലുള്ള അമ്പലമുക്കിലെ കൊക്കോട് ജംഗ്ഷൻ മുതൽ പൈപ്പിൻമൂട് വരെയുള്ള ഓടയുടെ പുനരുദ്ധാരണ പണികൾ.

വി.സി.ബി. കം-ബ്രിഡ്ജ് നിർമ്മിക്കൽ പദ്ധതിയുടെ പണി പൂർത്തീകരണം

11 (3951) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി പഞ്ചായത്തിലെ കൈതപ്പൊയിൽ വാർഡിനേയും മണലുവയൽ വാർഡിനേയും ബന്ധിപ്പിക്കുന്ന വി. സി. ബി. -കം-ബ്രിഡ്ജ് നിർമ്മിക്കൽ പദ്ധതിയുടെ പണി എവിടെ വരെയായിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പണി എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി പഞ്ചായത്തിലെ കൈതപ്പൊയിൽ വാർഡിനേയും മണലുവയൽ വാർഡിനേയും ബന്ധിപ്പിക്കുന്ന റി.സി.ബി.-കം-ബ്രിഡ്ജിന്റെ പണി 27-9-2001-ൽ പൂർത്തിയാക്കിയിട്ടുണ്ട്.

തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മാണം

12 (3952) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ആറാട്ടുപുഴ പഞ്ചായത്തുകളിൽപ്പെടുന്ന തീരങ്ങളെ കടലാക്രമണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി ഏതെല്ലാം പണികളാണ് നിലവിൽ നടന്നുവരുന്നത് ;

(ബി) തീരദേശ സംരക്ഷണത്തിനായി ഈ മേഖലയിൽ പുതിയതായി കടൽഭിത്തി നിർമ്മിക്കുന്നത് ഏതെല്ലാം ഭാഗങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മേഖലയിലെ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽപ്പെടുന്ന തീരങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി വട്ടച്ചാലിൽ 1130 മീറ്റർ നീളത്തിലും ആറാട്ടുപുഴ ജംഗ്ഷനിൽ 90 മീറ്റർ നീളത്തിലും പണികൾ നടന്നുവരുന്നു. കൂടാതെ തറയിൽകടവ്, പെരുമ്പള്ളി മുതലായ ഭാഗങ്ങളിൽ താൽക്കാലിക സംരക്ഷണത്തിനുവേണ്ടി 840 മീറ്റർ നീളത്തിൽ കോർവാൾ ചെയ്തിട്ടുണ്ട്. ഇതിന് പുറമേ 550 മീ. നീളത്തിൽ കോർവാളിന്റെ പണി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly